**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1505** **01-02-2024 - ൽ മറുപടിയ്ക്ക്**

**അതിഥി തൊഴിലാളികളുടെ ക്രിമിനൽ പശ്ചാത്തലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അതിഥി തൊഴിലാളികൾ ഒരുമിച്ച് താമസിച്ചുവരുന്ന വിവിധ പ്രദേശങ്ങളിൽ, അതുമൂലമുണ്ടാകുന്ന സാമൂഹ്യ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനും തദ്ദേശീയരുടെ സുരക്ഷ ഉറപ്പ വരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | അതിഥി തൊഴിലാളികൾ ഒരുമിച്ച് താമസിച്ചുവരുന്ന വിവിധ പ്രദേശങ്ങളിൽ, അതുമൂലമുണ്ടാകുന്ന സാമൂഹ്യ പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനും തദ്ദേശീയരുടെ സുരക്ഷ ഉറപ്പ വരുത്തുന്നതിനും ആവശ്യമായ നടപടികൾ ആഭ്യന്തര വകുപ്പും തൊഴിൽ വകുപ്പും സ്വീകരിച്ചു വരുന്നു. അതിഥി തൊഴിലാളികൾ കൂട്ടുതലായി താമസിച്ച് വരുന്ന ലേബർ ക്യാമ്പുകൾ, ലയങ്ങൾ എന്നിവിടങ്ങളിൽ പോലീസ് പട്രോളിംഗ് ശക്തമാക്കിയും, ജനമൈത്രി ബീറ്റ് പോലീസ് ഉദ്യോഗസ്ഥർ അതിഥി തൊഴിലാളികളുടെ ക്യാമ്പുകൾ സന്ദർശിച്ച് വിവരങ്ങൾ ശേഖരിച്ചും ക്രിമിനൽ സ്വഭാവം ഉള്ളവരെ കണ്ടെത്തി പ്രത്യേകം നിരീക്ഷിച്ചും വരുന്നു. കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരുടെ ക്രിമിനൽ പശ്ചാത്തലം മനസ്സിലാക്കുന്നതിന് ജില്ലാ തലത്തിൽ സ്പെഷ്യൽ ബ്രാഞ്ചിന്റെ സഹായത്തോടെ അതിഥി തൊഴിലാളികളെ നിരീക്ഷിച്ചു വരുന്നു. ICJS (Inter Operable Criminal Justice System) ഉപയോഗിച്ച് അതിഥി തൊഴിലാളികളുടെ ക്രിമിനൽ പശ്ചാത്തലം പോലീസ് പരിശോധിക്കുന്നുണ്ട്.<br><br>അതിഥി തൊഴിലാളികളെ ജോലിക്കായി നിയോഗിക്കുന്ന ഏജൻസികളേയും കോൺട്രാക്ടർമാരേയും കണ്ടെത്തി അവർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകി വരുന്നു. കുറ്റകൃത്യങ്ങളിൽ ഏർപ്പെടാൻ സാധ്യതയുള്ളവരുടെ പട്ടിക തയ്യാറാക്കി ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ അയച്ച് പരിശോധന നടത്താറുള്ളതും ഇവരുടെ ഇടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗവും ക്രയവിക്രയവും നടത്തുന്നുണ്ടോയെന്ന് പരിശോധിച്ചും ലഹരിയ്ക്കടിമകളായവരെയും മാനസിക അസ്വാസ്ഥ്യം പുലർത്തുന്നവരേയും കണ്ടെത്തി ആവശ്യമായ ചികിത്സ നൽകുന്നതിനുള്ള നടപടികൾ ജനമൈത്രി പോലീസിന്റെ സഹായത്തോടെ ചെയ്തുവരുന്നു. |

| | | | |
|---|---|---|---|
| | | | അതിഥി തൊഴിലാളികൾ മാത്ര സംസ്ഥാനത്ത് നിന്ന് വരുമ്പോഴും പോകുമ്പോഴും പേരും മറ്റ് വിവരങ്ങളും പോലീസ് സ്റ്റേഷനുകളിലെ മൈഗ്രന്റ് ലേബർ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും കൂടാതെ ടി ആളുകളുടെ മേൽവിലാസങ്ങൾ, ആധാർ കാർഡ്, തിരിച്ചറിയൽ കാർഡ് വിവരങ്ങൾ ഡാറ്റാ ഷീറ്റിൽ രേഖപ്പെടുത്തി സ്റ്റേഷനുകളിൽ സൂക്ഷിച്ചും വരുന്നുണ്ട്.<br><br>അതിഥി തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിലെ സൗകര്യങ്ങൾ പരിശോധിച്ച് മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ ഉറപ്പ വരുത്തുന്നതിനായി ലേബർ കമ്മീഷണറുടെ മേൽനോട്ടത്തിലും സംസ്ഥാന വ്യാപകമായി സ്ക്വാഡ് പരിശോധനകൾ നടത്താറുണ്ട്. 1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്റ്റ് പ്രകാരവും, 1979-ലെ ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്റ്റ് പ്രകാരവും സംസ്ഥാന വ്യാപകമായി തൊഴിൽ വകുപ്പ് പരിശോധന നടത്താറുണ്ട്. അതിഥി തൊഴിലാളികൾ തിങ്ങി പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത ശുചിത്വ നിലവാരം ഉറപ്പ വരുത്തുന്നതിനായി ആരോഗ്യ വകുപ്പുമായി സഹകരിച്ച് എല്ലാ ജില്ലകളിലും മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ പരിപാടികളും നടത്താറുണ്ട്. കൂടാതെ മയക്കുമരുന്ന് ഉപയോഗവും വ്യാപനവും നിയന്ത്രിക്കുന്നതിനുള്ള ലഹരി വിരുദ്ധ പ്രചാരണങ്ങളും സംസ്ഥാന വ്യാപകമായി നടപ്പിലാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തൊഴിൽ വകുപ്പ്, അതിഥി മേഖലയിൽ പ്രവർത്തിക്കുന്ന NGO, പോലീസ് എന്നിവരുടെ സഹകരണത്തോടെ ലഹരി ഉപയോഗം കൊണ്ടുള്ള ദൂഷ്യവശങ്ങളെക്കുറിച്ച് ശക്തമായ ബോധവൽക്കരണവും നടത്തി വരുന്നു.<br><br>അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ടുള്ള ആവാസ് പദ്ധതി പ്രകാരം 5,16,320 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിഥി തൊഴിലാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും രജിസ്ട്രേഷൻ പ്രാവർത്തികമാക്കുന്നതിനുമായി തൊഴിൽ വകുപ്പ് അതിഥി പോർട്ടൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. നാളിതുവരെ 1,24,999 അതിഥി തൊഴിലാളികളെ ടി പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | അതിഥി തൊഴിലാളികളുടെ ക്രിമിനൽ പശ്ചാത്തലമുൾപ്പെടെയുള്ള കാര്യങ്ങൾ | (ബി) | അതിഥി തൊഴിലാളികൾ ഒരുമിച്ച് താമസിച്ചുവരുന്ന വിവിധ പ്രദേശങ്ങളിൽ, അതുമൂലമുണ്ടാകുന്ന സാമൂഹ്യ |

| | |
|---|---|
| പരിശോധിക്കുന്നതിനും, രജിസ്ട്രേഷൻ നടപടികൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനും തദ്ദേശീയരുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിനും ആവശ്യമായ നടപടികൾ ആഭ്യന്തര വകുപ്പും തൊഴിൽ വകുപ്പും സ്വീകരിച്ചു വരുന്നു. അതിഥി തൊഴിലാളികൾ കൂടുതലായി താമസിച്ച് വരുന്ന ലേബർ ക്യാമ്പുകൾ, ലയങ്ങൾ എന്നിവിടങ്ങളിൽ പോലീസ് പട്രോളിംഗ് ശക്തമാക്കിയും, ജനമൈത്രി ബീറ്റ് പോലീസ് ഉദ്യോഗസ്ഥർ അതിഥി തൊഴിലാളികളുടെ ക്യാമ്പുകൾ സന്ദർശിച്ച് വിവരങ്ങൾ ശേഖരിച്ചും ക്രിമിനൽ സ്വഭാവം ഉള്ളവരെ കണ്ടെത്തി പ്രത്യേകം നിരീക്ഷിച്ചും വരുന്നു. കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരുടെ ക്രിമിനൽ പശ്ചാത്തലം മനസ്സിലാക്കുന്നതിന് ജില്ലാ തലത്തിൽ സ്പെഷ്യൽ ബ്രാഞ്ചിന്റെ സഹായത്തോടെ അതിഥി തൊഴിലാളികളെ നിരീക്ഷിച്ചു വരുന്നു. ICJS (Inter Operable Criminal Justice System) ഉപയോഗിച്ച് അതിഥി തൊഴിലാളികളുടെ ക്രിമിനൽ പശ്ചാത്തലം പോലീസ് പരിശോധിക്കുന്നുണ്ട്.<br><br>അതിഥി തൊഴിലാളികളെ ജോലിക്കായി നിയോഗിക്കുന്ന ഏജൻസികളേയും കോൺട്രാക്ടർമാരേയും കണ്ടെത്തി അവർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകി വരുന്നു. കുറ്റകൃത്യങ്ങളിൽ ഏർപ്പെടാൻ സാധ്യതയുള്ളവരുടെ പട്ടിക തയ്യാറാക്കി ബന്ധപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ അയച്ച് പരിശോധന നടത്താറുള്ളതും ഇവരുടെ ഇടയിൽ ലഹരി വസ്തുക്കളുടെ ഉപയോഗവും ക്രയവിക്രയവും നടത്തുന്നുണ്ടോയെന്ന് പരിശോധിച്ചും ലഹരിയ്ക്കടിമകളായവരെയും മാനസിക അസ്വാസ്ഥ്യം പുലർത്തുന്നവരേയും കണ്ടെത്തി ആവശ്യമായ ചികിത്സ നൽകുന്നതിനുള്ള നടപടികൾ ജനമൈത്രി പോലീസിന്റെ സഹായത്തോടെ ചെയ്തുവരുന്നു. അതിഥി തൊഴിലാളികൾ മാതൃ സംസ്ഥാനത്ത് നിന്ന് വരുമ്പോഴും പോകുമ്പോഴും പേരും മറ്റ് വിവരങ്ങളും പോലീസ് സ്റ്റേഷനുകളിലെ മൈഗ്രന്റ് ലേബർ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും കൂടാതെ ടി ആളുകളുടെ മേൽവിലാസങ്ങൾ, ആധാർ കാർഡ്, തിരിച്ചറിയൽ കാർഡ് വിവരങ്ങൾ ഡാറ്റാ ഷീറ്റിൽ രേഖപ്പെടുത്തി സ്റ്റേഷനുകളിൽ സൂക്ഷിച്ചും വരുന്നുണ്ട്.<br><br>അതിഥി തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിലെ സൗകര്യങ്ങൾ പരിശോധിച്ച് മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ ഉറപ്പു വരുത്തുന്നതിനായി ലേബർ കമ്മീഷണറുടെ മേൽനോട്ടത്തിലും സംസ്ഥാന വ്യാപകമായി സ്ക്വാഡ് പരിശോധനകൾ നടത്താറുണ്ട്. 1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്റ്റ് പ്രകാരവും, 1979-ലെ ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് |

| | | | |
|---|---|---|---|
| | | | വർക്ക്മെൻ (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്റ്റ് പ്രകാരവും സംസ്ഥാന വ്യാപകമായി തൊഴിൽ വകുപ്പ് പരിശോധന നടത്താറുണ്ട്. അതിഥി തൊഴിലാളികൾ തിങ്ങി പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത ശുചിത്വ നിലവാരം ഉറപ്പു വരുത്തുന്നതിനായി ആരോഗ്യ വകുപ്പുമായി സഹകരിച്ച് എല്ലാ ജില്ലകളിലും മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ പരിപാടികളും നടത്താറുണ്ട്. കൂടാതെ മയക്കുമരുന്ന് ഉപയോഗവും വ്യാപനവും നിയന്ത്രിക്കുന്നതിനുള്ള ലഹരി വിരുദ്ധ പ്രചാരണങ്ങളും സംസ്ഥാന വ്യാപകമായി നടപ്പിലാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തൊഴിൽ വകുപ്പ്, അതിഥി മേഖലയിൽ പ്രവർത്തിക്കുന്ന NGO, പോലീസ് എന്നിവരുടെ സഹകരണത്തോടെ ലഹരി ഉപയോഗം കൊണ്ടുള്ള ദൂഷ്യവശങ്ങളെക്കുറിച്ച് ശക്തമായ ബോധവൽക്കരണവും നടത്തി വരുന്നു.<br><br>അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ടുള്ള ആവാസ് പദ്ധതി പ്രകാരം 5,16,320 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിഥി തൊഴിലാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും രജിസ്ട്രേഷൻ പ്രാവർത്തികമാക്കുന്നതിനുമായി തൊഴിൽ വകുപ്പ് അതിഥി പോർട്ടൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. നാളിതുവരെ 1,24,999 അതിഥി തൊഴിലാളികളെ ടി പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ